ലിട്ട വളർത്തുന്നവർ ആ വിവരം സർക്കാരിൽ അറിയിക്കണമെന്നു് അനുശാസിക്കുന്ന ജർമൻ നിയമമെവിടെ! കൊമ്പനാനകളെയും കാണ്ടാമൃഗങ്ങളേയും കള്ളവേട്ടക്കാർ കൂട്ടത്തോടെ വെടിവെച്ചു് ഒടുക്കുമ്പോഴും, അതു കാണാൻ കൂട്ടാക്കാത്ത നമ്മുടെ വന്യജീവിസംരക്ഷണ നിയമങ്ങൾ എവിടെ!

(20 സെപ്റ്റംബർ, 1987)

## 106. ഒട്ടകം

നിലവിലുണ്ടായിരുന്ന കാർഷിക സമ്പദ്‌വ്യവസ്ഥ അതിവേഗത്തിൽ തകരുകയും അതിന്റെ സ്ഥാനത്തു് ഒരു പുതിയ വ്യാവസായിക സമ്പദ്‌വ്യവസ്ഥ മെല്ലെമാത്രം രൂപംകൊള്ളുകയും ചെയ്യുന്നതാണു് ഇന്ത്യയിൽ നാം കാണുന്നതു്. നമ്മുടെ സമൂഹത്തിൽ ഇന്നു കാണുന്ന പല പൊരുത്തക്കേടുകൾക്കും ക്ലേശങ്ങൾക്കും അടിയിലുള്ളതു സമ്പദ്ഘടനയിൽ വന്നുകൊണ്ടിരിക്കുന്ന ഈ പരിവർത്തനമാകുന്നു.

താരതമ്യേന അടുത്തകാലത്തുമാത്രം സ്വാതന്ത്ര്യം നേടിയ ആഫ്രിക്കയിലെ പല രാജ്യങ്ങളിലും ഇന്ത്യയിലേക്കാൾ അഗാധതരങ്ങളായ സാമൂഹ്യ പരിവർത്തനങ്ങൾ അതിവേഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണു്. കാർഷിക സമ്പദ്‌വ്യവസ്ഥയേക്കാൾ പ്രാചീനമായ കാലിവളർത്തൽ സമ്പദ്‌വ്യവസ്ഥയിൽനിന്നു് കാർഷിക സമ്പദ്‌വ്യവസ്ഥയിലൂടെ വ്യാവസായിക സമ്പദ്‌വ്യവസ്ഥയിലേക്കു് ഒററക്കുതിപ്പിലുള്ള പരിവർത്തനം അവിടെ നടന്നുകൊണ്ടിരിക്കുന്നു. ഇതിൻഫലമായി അവിടത്തെ ജനങ്ങൾക്കു നേരിടേണ്ടിവരുന്ന പ്രയാസങ്ങൾ കുറച്ചൊന്നുമല്ല.

കിഴക്കേ ആഫ്രിക്കയിൽ എത്തിയോപ്പിയയ്ക്കു തെക്കു് ഇന്ത്യാസമുദ്രതീരത്തു് ഒരു ബ്രിട്ടീഷ് കോളനിയായിരുന്ന കെനിയ സ്വാതന്ത്ര്യം നേടിയതു് 1963–ൽ മാത്രമാണു്. ഒന്നര കോടിയോളം ജനങ്ങളുള്ള കെനിയയിൽ നാല്പതിലേറെ ഗോത്രവർഗങ്ങളുണ്ടു്. കാലിവളർത്തലാണു പല ഗോത്രവർഗക്കാരുടേയും ഉപജീവനമാർഗം. കാലികളെയുംകൊണ്ടു മേച്ചിൽപ്പുറങ്ങൾ തേടി അലഞ്ഞുനടക്കേണ്ടതിനാൽ ഇവരിൽ പലരും സ്ഥിരമായ പാർപ്പിടമില്ലാത്ത നാടോടികളാണു്. അതായതു്, കാർഷിക സമ്പദ്‌വ്യവസ്ഥയിലേക്കുതന്നെ അവർ പ്രവേശിച്ചിട്ടില്ല.

ഇന്ത്യയിലേക്കാൾ വേഗത്തിലാണു് ആഫ്രിക്കയിൽ ജനങ്ങൾ പെരുകുന്നതു്. പാർപ്പിടങ്ങൾക്കും കൃഷിയിടങ്ങൾക്കുംവേണ്ടി മേച്ചിൽപ്പുറങ്ങളെല്ലാം ജനങ്ങൾ വളച്ചുകെട്ടുന്നതിനാൽ ഒരിടത്തു സ്ഥിരമായി താമസിക്കാൻ നാടോടികൾ നിർബന്ധിതരാവുന്നു. ഇതോടെ അവരുടെ കാലികൾക്കു വേണ്ടത്ര തീററ കിട്ടാതെവരുന്നു. 1984 മുതൽ പല ആഫ്രിക്കൻ രാജ്യങ്ങളെയും ബാധിച്ച വരൾച്ചയുടെ ഫലമായി കാലിവളർത്തൽ അവിടെ അസാദ്ധ്യമായിക്കൊണ്ടിരിക്കുകയാണു്.

കെനിയയിലെ സാംബുരു ഗോത്രവർഗക്കാരുടെ ഒരു തലവനായ ലെൻഗീസിനു് ഇരുനൂററുപത്തു പശുക്കളും ഒട്ടേറെ ആടുകളും ഉണ്ടായിരുന്നു. പശുക്കളുടെ എണ്ണം നോക്കിയാണു് സാംബുരുക്കാർ ഒരാളുടെ സാമൂഹ്യമായ അന്തസ്സു കണക്കാക്കിയിരുന്നതു്. പാൽ കറന്നെടുക്കുന്നതിനു പുറമേ സാംബുരുക്കാർ പശുക്കളുടെ ചോര വാർത്തെടുത്തു കുടിക്കാറുമുണ്ടു്. കൊല്ലാതെ ദിവസേന പശുക്കളുടെ ചോര കുറേശ്ശെ വാർത്തെടുക്കുന്ന

വിദ്യ സാംബുരുക്കൾക്കറിയാം. സാംബുരുക്കുട്ടികളുടെ മുഖ്യ ഭക്ഷണങ്ങളിലൊന്നു കട്ടയാക്കിയ പശുച്ചോരയായിരുന്നു.

1984—ൽ വരൾച്ചയുടെ ഫലമായി ലെൻഗീസിൻെറ ഇരുനൂറു പശുക്കൾ ചത്തുപോയി. കെനിയയിലെ നാടോടികൾക്കിടയിൽ ആറംഗങ്ങളുള്ള ഒരു കുടുംബത്തിനു് അരിഷ്ടിക്കാതെ ജീവിച്ചുപോരണമെങ്കിൽ അറുപത്തിനാലു പശുക്കൾ വേണമെന്നാണു കണക്കാക്കപ്പെട്ടിരുന്നതു്. വരൾച്ചയിൽ പശുക്കൾ വൻതോതിൽ ചത്തൊടുങ്ങുകയും ചാവാത്ത പശുക്കളുടെ പാലു വററുകയും ചെയ്തപ്പോൾ ജനങ്ങൾ പട്ടിണിയായി. എവിടെയും ക്ഷാമം ആദ്യമായി ബാധിക്കുക കുട്ടികളെയാണു്. കെനിയയിലും ശിശുമരണം വ്യാപകമായിത്തീർന്നു. ക്ഷാമനിവാരണത്തിനായി ഐക്യരാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിൽ പല പാശ്ചാത്യരാജ്യങ്ങളിലെയും സേവനസംഘടനകൾ കെനിയയിൽ പ്രവർത്തനം ആരംഭിച്ചു. ഈ പ്രവർത്തനം ഇപ്പോഴും തുടർന്നുവരുന്നു.

സാംബുരുവർഗക്കാർക്കു് ആകെയുണ്ടായിരുന്ന എഴുപതിനായിരത്തോളം പശുക്കളിൽ അമ്പതിനായിരത്തിലേറെ പട്ടിണികിടന്നു ചത്തു. ഈ അവസരത്തിലാണു കുറേ വടക്കോട്ടുമാറി സഹാറാമരുഭൂമിക്കടുത്തു പാർക്കുന്ന മററു ചില ഗോത്രവർഗക്കാർ ചെയ്തിരുന്നതുപോലെ ഒട്ടകങ്ങളെ വളർത്തിയാലെന്തു് എന്ന വിചാരം സാംബുരുക്കൾക്കു് ഉണ്ടായതു്. വരൾച്ചക്കാലത്തും മരുഭൂമിയിലെ ഒട്ടകങ്ങൾ വൻതോതിൽ ചത്തിരുന്നില്ല. അവയുടെ പാൽ കുടിച്ചു വളരുന്ന കുട്ടികൾക്കിടയിൽ മരണം താരതമ്യേന കുറവായിരുന്നു.

മണ്ണിനു വളക്കൂറും മഴയും കുറഞ്ഞ പ്രദേശങ്ങളിൽ ജീവസന്ധാരണത്തിനു മനുഷ്യൻ വളർത്തുമൃഗങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. വരണ്ട കാലാവസ്ഥയ്ക്കു പററിയ വളർത്തുമൃഗം ഒട്ടകമാകുന്നു. മരുഭൂമിയിൽ അല്പമായി കിട്ടുന്ന ഭക്ഷണം ഉപയോഗിച്ചു ജീവൻ പുലർത്താൻ ഒട്ടകത്തിനു് അസാധാരണമായ കഴിവുണ്ടു്. പുല്ലു കരണ്ടു തിന്നുന്നതിനാൽ പശുക്കൾ, മഴയിൽ മണ്ണു് ഒലിച്ചുപോവുന്നതിനു കാരണമായിത്തീരുന്നു. പശുക്കൾക്കു് എന്നും വെള്ളം കുടിക്കണം. വെള്ളം കിട്ടാത്ത പ്രദേശങ്ങളിലെ മേച്ചിൽപ്പുറങ്ങൾകൊണ്ടു പശുക്കൾക്കു പ്രയോജനമില്ല.

'മുള്ളുള്ള വൃക്ഷങ്ങളൊട്ടകത്തിനിഷ്ടം' എന്നു് കുഞ്ചൻനമ്പ്യാർ പറഞ്ഞിട്ടുണ്ടല്ലോ. ഇലയും ചുള്ളിക്കമ്പും കായ്കളുടെ തൊണ്ടുകളും പഴങ്ങളും എന്തും ഒട്ടകം തിന്നും. പക്ഷേ, അവ നിലത്തെ പുല്ലു കാർന്നുതിന്നുകയില്ല. അതിനാൽ, അവ മേയുന്നിടത്തു മണ്ണൊലിപ്പു് ഉണ്ടാവുകയുമില്ല. ഒരാഴ്ചയോളം വെള്ളം കുടിക്കാതെ ജീവിക്കാമെന്നതിനാൽ, തീരെ വെള്ളമില്ലാത്ത പ്രദേശങ്ങളിലും ഒട്ടകങ്ങൾക്കു മേഞ്ഞുനടക്കാം.

വേനലിൽ പശുക്കളുടെ പാലു വററും. ഒട്ടകങ്ങളെ അപ്പോഴും കറക്കാം. മഴക്കാലത്തു് ഒരു ഒട്ടകത്തിനു ദിവസം ഇരുപതു ലിററോളം പാൽ കിട്ടും; വേനലിൽ പത്തു ലിററോളവും. അതിനാൽ, ആറു് അംഗങ്ങളുള്ള ഒരു നാടോടി കുടുംബത്തിനു സുഖമായി ജീവിക്കാൻ അറുപത്തിനാലു പശുക്കൾ വേണ്ടിടത്തു് ഇരുപത്തെട്ടു് ഒട്ടകങ്ങൾ മതിയാവും.

സാംബുരു ഗോത്രത്തലവൻ ലെൻഗീസ് 1984—ൽ ആദ്യമായി ഒരു ഒട്ടകത്തെ വാങ്ങി. ഇപ്പോൾ അയാൾക്കു് ഇരുപത്തിനാലു് ഒട്ടകങ്ങളുണ്ടു്. അയാളുടെ മാതൃകയെ അനുകരിച്ചു വേറെയും പല സാംബുരുക്കളും ഒട്ടകങ്ങളെ വാങ്ങി വളർത്തിത്തുടങ്ങിയിട്ടുണ്ടു്. തങ്ങളുടെ പശുക്കളെ കൊടുത്തു പകരം ഒട്ടകങ്ങളെ വാങ്ങുന്നവർ സാംബുരുക്കൾക്കിടയിൽ കുറവല്ല.

പശുക്കളെ വളർത്തുന്നതുപോലെ എളുപ്പമുള്ള പണിയല്ല ഒട്ടകങ്ങളെ വളർത്തൽ. ഒന്നാമതു് ഒട്ടകങ്ങൾക്കു വില കൂടും. രണ്ടാമതു് പശുക്കൾക്കി

ല്ലാത്ത പല രോഗങ്ങളും ഒട്ടകങ്ങളെ ബാധിക്കാറുണ്ട്. ലെൻഗീസിന്റെ ഇരുപത്തിനാല് ഒട്ടകങ്ങളിൽ ഒരെണ്ണവും ഇതുവരെ പ്രസവിച്ചിട്ടില്ല. മാസം തികയുംമുമ്പ് അവയുടെയെല്ലാം ഗർഭം അലസിപ്പോവുന്നു. ഗർഭസ്രാവത്തിനുപുറമെ വേറെയും പല രോഗങ്ങളും അവയെ പിടികൂടുന്നു. വൈദഗ്ദ്ധ്യം ആവശ്യമുള്ള തൊഴിലാണ് ഒട്ടകംവളർത്തൽ.

1986–ൽ 'ഐക്യരാഷ്ട്രസമിതിയുടെ പരിസ്ഥിതിപദ്ധതി' (യു. എൻ. ഇ. പി.) യുടെ ആഭിമുഖ്യത്തിൽ സാംബുരുക്കൾപോലെയുള്ള പുതിയ ഒട്ടകംവളർത്തുകാർക്കുവേണ്ടി കെനിയയിൽ സംഘടിപ്പിക്കപ്പെട്ട 'ഒട്ടകം വർക്ക്ഷോപ്പി'ൽ പരിചയസമ്പന്നരായ പഴയ ഒട്ടകം വളർത്തുകാരും പാശ്ചാത്യ മൃഗവൈദ്യന്മാരും പുതിയ ഒട്ടകംവളർത്തുകാരും പങ്കെടുത്ത് അനുഭവങ്ങൾ പരസ്പരം കൈമാറുകയുണ്ടായി. സാംബുരുഗോത്രത്തലവൻ ലെൻഗീസ് ഈ വർക്ക്ഷോപ്പിൽ പ്രയോജനകരമായി സംബന്ധിച്ചു. ഇത്തരം 'ഒട്ടക വർക്ക്ഷോപ്പു'കൾ ഇനിയും നടത്താൻ യു. എൻ. ഇ. പി. ക്കു പരിപാടിയുണ്ട്. ആഫ്രിക്കയിലെ ക്ഷാമനിവാരണ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കപ്പെടുന്ന പണത്തിലൊരു ഭാഗം പുതിയ ഒട്ടകംവളർത്തുകാർക്കു ലഭ്യമാക്കുകയാണ് ഈ വർക്ക്ഷോപ്പുകളുടെ ഒരു ലക്ഷ്യം.

പാൽ കറന്നെടുക്കാൻ മാത്രമല്ല ഒട്ടകത്തെ ഉപയോഗപ്പെടുത്തുന്നത്. അതിനെക്കൊണ്ടു കലപ്പ വലിപ്പിക്കാം; വണ്ടിയും വലിപ്പിക്കാം. ഒട്ടകപ്പാൽ ഉപയോഗിച്ചു ചീസ് ഉണ്ടാക്കുകയുംചെയ്യാം. എന്നാൽ, ഒട്ടകത്തിന്റെ ഏററവും വലിയ ഗുണം പശുവിനെപ്പോലെ അതു പുല്ലു കാർന്നെടുത്തു മണ്ണൊലിപ്പ് ഉണ്ടാക്കുകയില്ല എന്നതാണ്.

മരുഭൂമിയുടെ ലക്ഷണങ്ങളാണു മുൾച്ചെടികളും ഒട്ടകങ്ങളും. വിവേകശൂന്യമായ വനവിധ്വംസനത്തിന്റെ ഫലമായി നമ്മുടെ 'മലഞ്ചെരുവുകൾ മണ്ണൊലിച്ചു പാറ പൊന്തിയും അവയ്ക്കിടയിൽ കാരപോലുള്ള മുൾച്ചെടികൾ തഴച്ചുവളർന്നും ഏറെക്കുറെ മരുഭൂമികളുടെമാതിരി ആയിത്തീർന്നിട്ടുണ്ട്. ഏതാനും ദശാബ്ദങ്ങൾമുമ്പു നിബിഡങ്ങളായ ഉഷ്ണമേഖലാ—മഴക്കാടുകൾ മൂടിക്കിടന്നിരുന്ന അട്ടപ്പാടിപോലെയുള്ള പ്രദേശങ്ങളുടെ ഇപ്പോഴത്തെ ചിത്രങ്ങളെ സഹാറാമരുഭൂമിയിലെ ചില പ്രദേശങ്ങളുടെ ചിത്രങ്ങളിൽനിന്നു വേർതിരിച്ചറിയുക പ്രയാസമാണ്.

കേരളത്തിൽ അട്ടപ്പാടിപോലെയുള്ള പ്രദേശങ്ങളിൽ പാർക്കുന്നവർക്കും കെനിയയിലെ ഗോത്രവർഗക്കാർക്കെന്നപോലെ പശുവളർത്തൽ ഉപേക്ഷിച്ച് ഒട്ടകംവളർത്തൽ ഏറെറടുക്കേണ്ടിവരുമോ? വരുമെങ്കിൽ, അതിനുള്ള തയ്യാറെടുപ്പുകൾ ഇപ്പോഴേ ആരംഭിക്കുകയല്ലേ നല്ലതു്? കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിലുള്ള വെറെററിനറി കോളേജിൽ ഒട്ടകംവളർത്തലിനുള്ള ഒരു വിഭാഗം ആരംഭിക്കാൻ സമയമായോ എന്ന് അധികൃതർ ചിന്തിക്കുന്നതു കൊള്ളാം. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടല്ലോ?

(19 ഏപ്രിൽ, 1987)

# 107. തവള രക്ഷപ്പെട്ടു!

ചെറിയ ദയകൾക്കു നാം നന്ദിയുള്ളവരായിരിക്കുക. അവസാനം തവളക്കാൽക്കയററുമതി ഇന്ത്യാഗവണ്മെൻറ് നിരോധിച്ചിരിക്കുന്നു. പരിസരസംരക്ഷണവാദികളുടെയും പ്രകൃതിപ്രേമികളുടെയും ഒരു ദീർഘകാലപ്രക്ഷോഭണം അങ്ങനെ വിജയത്തിൽ പര്യവസാനിച്ചിരിക്കുന്നു.